LIBRARY ARCHIVES Kerala Legislative Assembly

**ആറ്റിങ്ങൽ പോലീസ് മുക്ക്-കാഞ്ഞിയാംവിള റോഡ് നിർമ്മാണം**

380 (1438) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട പോലീസ് മുക്ക്-കാഞ്ഞിയാംവിള റോഡ് തകർന്ന് പോയത് കാരണം ബസ് സർവ്വീസ് നിർത്തിവയ്ക്കുകയും ജനകീയ സമരം ഉയർന്നത് കാരണം പ്രസ്തുത റോഡ് പുനർ നിർമ്മിക്കുന്നതിന് വകുപ്പുമന്ത്രിക്ക് നിർദ്ദേശം സമർപ്പിക്കുകയും അടിന്തരമായി എസ്റ്റിമേറ്റ് എടുത്ത് സമർപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത ജോലിക്ക് ഭരണാനുമതി നൽകാൻ എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമാണത്തിനു ഭരണാനുമതി നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ പുളിമാത്ത് ഗ്രാമ പഞ്ചായത്തിലുൾപ്പെട്ട കാട്ടുംപുറം പോലീസ് മുക്ക്-കാഞ്ഞിയാംവിള റോഡ് ബി.എം. ആന്റ് ബി.സി. ചെയ്ത് പുനരുദ്ധരിക്കുന്നതിനുവേണ്ടി 250 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

ഇതേ റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതിപ്രകാരം 29 ലക്ഷം രൂപ അടങ്കൽ തുകയായി വേറൊരു പ്രൊപ്പോസലും ലഭിച്ചിട്ടുണ്ട്. ഈ പ്രൊപ്പോസൽ 2012 എസ്.ഒ.ആർ. പ്രകാരം ആയതിനാൽ ഡി.എസ്.ആർ. 2013 പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് സർപ്പിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**മോണോ റെയിൽ പദ്ധതിക്ക് പകരം ലൈറ്റ് മെട്രോ പദ്ധതി**

381 (1439) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളിൽ നടപ്പിലാക്കുന്നതിന് ആസൂത്രണം ചെയ്ത മോണോറെയിൽ പദ്ധതി ഉപേക്ഷിക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് പകരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) കോഴിക്കോട് നഗരത്തിൽ ഏതെല്ലാം സ്ഥലങ്ങളെ ബന്ധിപ്പിച്ചു കൊണ്ടാണ് ലൈറ്റ് മെട്രോ രൂപകൽപന ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതികൾക്കുവേണ്ടി കേരള മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് 1-10-2013-ന് ദർഘാസ് ക്ഷണിക്കുയും ഒറ്റ സ്ഥാപനം മാത്രമേ താൽപര്യം പ്രകടിപ്പിച്ചുള്ളുവെന്നതിനാൽ പുനർ ദർഘാസ് വിളിക്കുയും ചെയ്തു. പുനർ ദർഘാസ് 30-5-2014-ന് തുറന്നെങ്കിലും വീണ്ടും ഒരു ടെൻഡർ മാത്രമാണ് ലഭിച്ചത്. ബൊംബാർഡിയാർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതിക ദർഘാസ് ഡി.എം.ആർ.സി. വിശദമായി പരിശോധിച്ചതിനുശേഷം സാമ്പത്തിക ദർഘാസ് പരിശോധിച്ചു. ബൊംബാർഡിയാർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പദ്ധതിയുടെ അടങ്കൽ തുകയേക്കാൾ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28-8-2014-ന് കൂടിയ കേരള മോണോ റെയിൽ കോർപ്പറേഷന്റെ ബോർഡ് യോഗത്തിൽ ടെണ്ടർ നിരസിക്കുകയും മോണോ റെയിൽ പദ്ധതികൾക്ക് പകരം മറ്റേതെങ്കിലും മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായി വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തുകയും ചെയ്തു. വിശദമായ രൂപരേഖ തയ്യാറാക്കിയത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഡി.എം.ആർ.സി. തയ്യാറാക്കിയ ലൈറ്റ് മെട്രോ പദ്ധതിയുടെ വിശദമായ രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പദ്ധതിക്ക് ഭരണാനുമതി ലഭിച്ചാലുടൻ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കോഴിക്കോട് നഗരത്തിൽ മെഡിക്കൽ കോളേജ്, ചേവായൂർ, തൊണ്ടയാട്, കോട്ടൂളി, ന്യൂ ബസ് സ്റ്റാൻഡ്, കെ.എസ്.ആർ.ടി.സി., മാനാഞ്ചിറ, പാളയം, റെയിൽവേ സ്റ്റേഷൻ, പുഷ്പ, കല്ലായി, പന്നിയങ്കര, വട്ടക്കിണർ, മീഞ്ചന്ത എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് ലൈറ്റ് മെട്രോ രൂപകൽപന ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly